**കേരള സർക്കാർ**

**പ്രവേശന പരീക്ഷാകമ്മീഷണറുടെ കാര്യാലയം**

**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**

**തമ്പാനൂർ, തിരുവനന്തപുരം-695001**

E-mail: ceekinfo.cee@kerala.gov.in

Telephone: 0471 – 2332120, 2338487

## വിജ്ഞാപനം

## കീം - 2025

## എഞ്ചിനീയറിംഗ് കോഴ്സുകളിലേയ്ക്കുള്ള മൂന്നാംഘട്ട അലോട്ട്മെന്റ്, ആർക്കിടെക്ചർ കോഴ്സുകളിലേയ്ക്കുള്ള രണ്ടാംഘട്ട അലോട്ട്മെന്റ് ഓൺലൈൻ ഓപ്ഷൻ രജിസ്ട്രേഷൻ ആരംഭിച്ചു.

2025–ലെ എഞ്ചിനീയറിംഗ് കോഴ്സുകളിലേയ്ക്കുള്ള മൂന്നാംഘട്ട അലോട്ട്മെന്റ്, ആർക്കിടെക്ചർ കോഴ്സിലേയ്ക്കുള്ള രണ്ടാംഘട്ട അലോട്ട്മെന്റ് നടപടികൾ **05.08.2025 ന്** ആരംഭിച്ചു. ഈ അലോട്ട്മെന്റ് സർക്കാർ/സർക്കാർ കോസ്റ്റ് ഷെയറിംഗ്/സ്വയംഭരണ/സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലേയ്ക്ക് പ്രവേശന പരീക്ഷാ കമ്മീഷണർ ഈ വർഷം നടത്തുന്ന അവസാനഘട്ട അലോട്ട്മെന്റായിരിക്കും. ഈ ഘട്ടത്തിലെ അലോട്ട്മെന്റിന്/പ്രവേശനത്തിന് ശേഷം ഒഴിവുള്ള എഞ്ചിനീയറിംഗ് സീറ്റുകൾ സർക്കാർ കോളേജുകളിൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറും, സർക്കാർ കോസ്റ്റ് ഷെയറിംഗ്/ സ്വയംഭരണ, സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ അതാത് കോളേജുകളും സർക്കാർ ഉത്തരവുകളും പ്രോസ്പെക്ടസ് വ്യവസ്ഥകളും പാലിച്ച് സ്പോട്ട് അഡ്മിഷൻ മുഖേന നികത്തുന്നതായിരിക്കും.

### എഞ്ചിനീയറിംഗ് കോഴ്സുകളിലേയ്ക്ക് പുതിയതായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്.

മൂന്നാം ഘട്ടത്തിൽ എഞ്ചിനീയറിംഗ് കോഴ്സുകളിലേക്ക് പുതിയതായി ഓൺലൈൻ ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്. പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ച എഞ്ചിനീയറിംഗ് റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള അർഹരായ വിദ്യാർത്ഥികൾക്ക് **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലൂടെ **05.08.2025 മുതൽ 07.08.2025, 5.00 PM വരെ** ഓപ്ഷനുകൾ പുതുതായി രജിസ്റ്റർ ചെയ്യാവുന്നതാണ്.

### ആർക്കിടെക്ചർ കോഴ്സിലേയ്ക്ക് ഓപ്ഷൻ കൺഫർമേഷനും പുന:ക്രമീകരണവും

ആർക്കിടെക്ചർ കോഴ്സിന് മുൻഘട്ടത്തിലെ അലോട്ട്മെന്റ് പ്രകാരം അഡ്മിഷൻ നേടിയവരുടെയും ഇതുവരെ അലോട്ട്മെന്റ് ലഭിക്കാത്തവരുടെയും ഓപ്ഷനുകൾ ഈ ഘട്ടത്തിൽ പരിഗണിക്കപ്പെടണമെങ്കിൽ ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്തേണ്ടതും ഓപ്ഷനുകൾ പുന:ക്രമീകരിക്കേണ്ടതും ആവശ്യമില്ലാത്തവ റദ്ദാക്കുകയും ചെയ്യേണ്ടതാണ്. പ്രസ്തുത സൗകര്യം **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ **05.08.2025 മുതൽ 07.08.2025, 5.00 P M വരെ** ലഭ്യമാണ്. **07.08.2025, 5.00 PM വരെ** ലഭിയ്ക്കുന്ന ഓപ്ഷനുകളെ അടിസ്ഥാനമാക്കി താൽക്കാലിക അലോട്ട്മെന്റ് **08.08.2025** ന് പ്രസിദ്ധീകരിക്കും.

മുൻ ഘട്ടങ്ങളിലെ അലോട്ട്മെന്റ് പ്രകാരം അഡ്മിഷൻ നേടിയവരെയും, ഇതുവരെ അലോട്ട്മെന്റ് ലഭിക്കാത്തവരെയും ഈ ഘട്ടത്തിലെ അലോട്ട്മെന്റിൽ പരിഗണിക്കണമെങ്കിൽ എഞ്ചിനീയറിംഗ് കോഴ്സുകളിലേയ്ക്കു ഓൺലൈൻ ഓപ്ഷൻ രജിസ്ട്രേഷൻ നടത്തേണ്ടതും , ആർക്കിടെക്ചർ കോഴ്സിന് ഓപ്ഷൻ കൺഫർമേഷൻ/ പുന:ക്രമീകരണം എന്നിവ നിർബന്ധമായും നടത്തേണ്ടതാണ്.

എഞ്ചിനീയറിംഗ് കോഴ്സുകളിലേയ്ക്കു മുൻ ഘട്ടങ്ങളിൽ അലോട്ട്മെന്റ്/അഡ്മിഷൻ ലഭിക്കുകയും എന്നാൽ ഈ ഘട്ടത്തിൽ ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാതിരിക്കുകയും/ആർക്കിടെക്ചർ കോഴ്സിന് കൺഫർമേഷൻ/പുന:ക്രമീകരണം നടത്താതിരിക്കുകയും ചെയ്യുന്നവരുടെ മുൻ അലോട്ട്മെന്റ് പ്രകാരം പ്രവേശനം നേടിയിട്ടുണ്ടെങ്കിൽ അത് നിലനിൽക്കുന്നതായിരിക്കും.

***<u>ഈ ഘട്ടത്തിൽ അലോട്ട്മെന്റ് ലഭിക്കുകയും നിശ്ചിത സമയത്തിനകം അലോട്ട്മെന്റ് ലഭിച്ച കോളേജ്/കോഴ്സിൽ പ്രവേശനം നേടാതിരിക്കുകയും ചെയ്യുന്നവരുടെ മുൻ ഘട്ടത്തിലെയും, ഈ ഘട്ടത്തിലെയും അലോട്ട്മെന്റുകൾ റദ്ദാകുന്നതാണ്. കൂടാതെ ഇവരുടെ ബന്ധപ്പെട്ട സ്ട്രീമിലെ എല്ലാ ഓപ്ഷനുകളും റദ്ദാകുന്നതാണ്.</u>***

**<u>താൽക്കാലികമായ അലോട്ട്മെന്റ് ഷെഡ്യൂൾ താഴെ ചേർക്കുന്നു.</u>**

| | |
|---|---|
| 05.08.2025 | എഞ്ചിനീയറിംഗ് കോഴ്സുകളിലേയ്ക്കുള്ള ഓൺലൈൻ ഓപ്ഷൻ രജിസ്ട്രേഷൻ നടത്തുന്നതിനും, ആർക്കിടെക്ചർ കോഴ്സിലേയ്ക്ക് ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ / പുന:ക്രമീകമീകരിക്കുന്നതിനും വെബ്സൈറ്റ് സജ്ജമാകുന്നു. |
| 07.08.2025,5.00 PM | ഓപ്ഷൻ രജിസ്ട്രേഷൻ നടത്തുന്നതിനും, ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ/പുന:ക്രമീകരിക്കുന്നതിനുമുള്ള സൗകര്യം അവസാനിക്കുന്നു. |
| 08.08.2025 | **താത്ക്കാലിക അലോട്ട്മെന്റ് പ്രസിദ്ധീകരണം** |
| **09.08.2025** | **അന്തിമ അലോട്ട്മെന്റ് പ്രസിദ്ധീകരണം** |

**<u>ഓപ്ഷൻ രജിസ്ട്രേഷൻ ഫീസ്</u>**

എഞ്ചിനീയറിംഗ് പ്രവേശനത്തിനായി ഈ ഘട്ടത്തിൽ പുതിയതായി ഓപ്ഷൻ രജിസ്റ്റർ ചെയ്യാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികളും, കഴിഞ്ഞ ഘട്ടങ്ങളിൽ അല്ലോട്മെന്റ് ലഭിച്ചിട്ട് അഡ്മിഷൻ എടുക്കാത്ത വിദ്യാർഥികളും **2,000/-രൂപ** (രണ്ടായിരം രൂപ മാത്രം) പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓപ്ഷൻ രജിസ്ട്രേഷൻ ഫീ ആയി ഒടുക്കേണ്ടതാണ്. വിദ്യാർത്ഥിക്ക് അലോട്ട്മെന്റ് ലഭിച്ച് പ്രവേശനം നേടുന്ന കോഴ്സിന്റെ ട്യൂഷൻ ഫീസിൽ ഈ തുക വകയിരുത്തുന്നതാണ്. എസ്.സി./എസ്.ടി/ഒ.ഇ.സി.ക്ക് തുല്യമായ ആനുകൂല്യങ്ങൾക്ക് അർഹരായ സമുദായത്തിൽപ്പെട്ട വിദ്യാർ ത്ഥികൾ G.O.(Ms.)No.25/2005/SCSTDD dated 20.06.2005, G.O.(Ms.)No.10/2014/BCDD dated 23.05.2014 എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം ഫീസ് ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികളും ശ്രീചിത്രാഹോം, ജുവനൈൽ ഹോം, നിർഭയ ഹോം എന്നിവിടങ്ങളിലെ അപേക്ഷകരും ഓപ്ഷൻ രജിസ്ട്രേഷൻ ഫീ ആയി **500/- രൂപ** (അഞ്ഞൂറ് രൂപ മാത്രം) പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കേണ്ടതാണ്. ഇവർക്ക് പ്രവേശനം ലഭിക്കുന്ന കോഴ്സിന്റെ Caution Deposit-ൽ പ്രസ്തുത തുക കുറവ് ചെയ്യുന്നതാണ്. ഓപ്ഷൻ രജിസ്ട്രേഷൻ ഫീസ് ഓൺലൈനായി ഒടുക്കേണ്ടതാണ്.അലോട്ട്മെന്റ് ലഭിക്കാത്ത വിദ്യാർത്ഥികൾക്ക് ഓപ്ഷൻ രജിസ്ട്രേഷൻ ഫീസ് തിരികെ നൽകുന്നതാണ്. റീഫണ്ടിന് അർഹതയുള്ള വിദ്യാർത്ഥികൾക്ക് തുക തിരികെ

നൽകുന്നതിനായി കൃത്യമായ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ  വെബ്സൈറ്റ് വഴി നൽകേണ്ടതാണ്.

## FEE STRUCTURE

| Sl No | College name | Fees |
|---|---|---|
| 1 | KMCT Institute of Engineering &Management,Valamboor, Angadipuram,Malappuram | seats to be filled by the CEE - 100% |
| | | Rs.8,650/-+ Special fee 10000 |
| 2 | KMCT College of Engineering & Management, Kasargod | seats to be filled by the CEE 100% |
| | | Rs.8,650/-+ Special fee 10000 |
| 3 | KMCT College of Technology & Management, Vadakara | seats to be filled by the CEE 100% |
| | | Rs.8,650/-+ Special fee 10000 |

**പുതുതായി കൂട്ടിച്ചേർത്ത എഞ്ചിനീയറിംഗ് കോഴ്സ്**

| Sl No. | College Code | Name of College | Course | Seat |
|---|---|---|---|---|
| 1 | AJC | Amal Jyothi College of Engineering (Autonomous), Koovappally, Kanjirapally P.O, Kottayam | B.Tech Computer Science and Engineering (Artificial Intelligence ) | 60 |
| 2 | CCE | Christ College of Engineering, Irinjalakuda, Thrissur | B.Tech Computer Science and Business Systems | 60 |
| 3 | KSD | LBS College of Engineering, Muliyar P.O, Kasargod | 1. B.Tech Computer Science and Engineering (Artificial Intelligence and Data Science ) | 60 |
| | | | 2. B.Tech Computer Science and Business Systems | 60 |
| 4 | MBC | Mar Baselios Christian College of Engineering, Peermede, Idukki | 1. B.Tech Electronics and Computer Science | 30 |
| | | | 2. B.Tech Electrical and Computer Engineering | 30 |
| | | | B.Tech Computer | |

| | | | | |
|---|---|---|---|---|
| 5 | MBI | Mar Baselios Institute of Technology and Science, Kothamangalam | Science and Engineering (Artificial Intelligence and Machine Learning ) | 60 |
| 6 | STI | St.Thomas Institute for Science and Technology, Kazhakoottam, Thiruvananthapuram | B.Tech Computer Science and Engineering (Artificial Intelligence and Machine Learning ) | 60 |
| 7. | TKI | TKM Institute of Technology, Karuvelil, Kollam | B.Tech Computer Science and Engineering (Artificial Intelligence and Machine Learning ) | 60 |
| 8 | PRP | College of Engineering and Management, Punnapra | B.Tech Electrical and Computer Engineering | 60 |
| 9 | TKR | College of Engineering, Trikaripur, Kasargod | 1. B.Tech Computer Science and Engineering (Artificial Intelligence ) | 60 |
| | | | 2. B.Tech Computer Science and Engineering (Data Science) | 60 |
| 10 | DMC | M.Dasan Institute of Technology, Ulliyeri, Kozhikode | B.Tech Artificial Intelligence and Machine Learning | 30 |
| 11 | KMI | KMCT Institute of Technology and Management, Kuttippuram, Malappuram | B.Tech Computer Science and Engineering (Cyber Security) | 30 |
| 12 | TLY | College of Engineering, Thalassery, Kannur | B.Tech Electronics and Computer Engineering | 60 |
| 13 | NCE | Nehru College of Engineering and Research Centre, Pampady, Thiruvilwamala, Thrissur | 1. B.Tech Mechanical Engineering (Industry Integrated) | 60 |
| | | | 2. B.Tech Electrical and Computer Engineering | 60 |
| 14 | JCE | Jawaharlal College of Engineering and Technology, Mangalam, Lakkidi, Palakkad | 1. B.Tech Mechanical Engineering (Industry Integrated) | 30 |
| | | | 2.B.Tech Civil Engineering with Computer Application | 30 |
| | | | 1. B.Tech Computer Science and Engineering | 120 |
| | | | | |

| | | | | |
|---|---|---|---|---|
| 15 | KMY | KMCT Institute of Engineering and Management, Valamboor, Angadippuram, Malappuram | 2. B.Tech Computer Science and Business Systems | 60 |
| | | | 3. B.Tech Artificial Intelligence and Data Science | 60 |
| | | | 4. B.Tech Electronics and Communication Engineering | 30 |
| 16 | KMZ | KMCT College of Engineering and Management, Kasargod | 1. B.Tech Computer Science and Engineering | 120 |
| | | | 2. B.Tech Computer Science and Business Systems | 60 |
| | | | 3. B.Tech Artificial Intelligence and Data Science | 60 |
| | | | 4. B.Tech Electronics and Communication Engineering | 30 |
| 17 | KMV | KMCT College of Technology and Management, Vadakara | 1. B.Tech Computer Science and Engineering | 120 |
| | | | 2. B.Tech Computer Science and Business Systems | 60 |
| | | | 3.B.Tech Artificial Intelligence and Data Science | 60 |
| | | | 4. B.Tech Electronics and Communication Engineering | 30 |
| 18 | *SNP | Sree Narayana Institute of Technology, Adoor, Pathanamthitta | 1.B.Tech Artificial Intelligence and Machine Learning | 30 |
| | | | 2. B.Tech Biomedical Engineering | 30 |
| | | | 3. B.Tech Mechatronics | 30 |
| 19 | *YCE | Younus College of Engineering, Vadakkevila P.O, Kollam | B.Tech Computer Science and Engineering (Data Science) | 60 |

*provisionally included. Subject to orders of the Hon'ble High court

/Government .

**<u>പ്രത്യേക ശ്രദ്ധയ്ക്ക്</u>**

1. എഞ്ചിനീയറിംഗ് കോഴ്സുകളിലേയ്ക്ക് പുതുതായി ഓപ്ഷൻ രജിസ്റ്റർ ചെയ്യാത്തവരെയും ആർക്കിടെക്ചർ കോഴ്സിലേയ്ക്ക് കൺഫർമേഷനും പുനക്രമീകരണവും നടത്താത്തവരെയും ഈ ഘട്ടത്തിലെ അലോട്ട്മെന്റിന് ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.
2. എഞ്ചിനീയറിംഗ് കോഴ്സുകളിലെ സീറ്റ് വർദ്ധനവ്, പുതുതായി അനുവദിച്ച കോളേജുകൾ, കോഴ്സുകൾ എന്നിവ സംബന്ധിച്ച സർക്കാർ ഉത്തരവ് വെബ്സൈറ്റിൽ ലഭ്യമാണ്.
3. ന്യൂനപക്ഷ/ കമ്മ്യൂണിറ്റി/ ട്രസ്റ്റ് ക്വാട്ട സീറ്റുകളിലേക്കു അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ആർക്കിടെക്ച്ചർ കോഴ്സിലെ രണ്ടാം ഘട്ട അലോട്ട്മെൻ്റിനുള്ള ഓപ്ഷൻ കൺഫർമേഷൻ സമയത്ത് അതത് കോളേജുകളിലെ ന്യൂനപക്ഷ/കമ്മ്യൂണിറ്റി/ട്രസ്റ്റ് ക്വാട്ട സീറ്റുകളിലേക്ക് ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യേണ്ടതാണ്. ന്യൂനപക്ഷ/കമ്മ്യൂണിറ്റി/ട്രസ്റ്റ് ക്വാട്ട സീറ്റുകളിലേക്കുള്ള അലോട്ട്മെൻ്റിനായി പരിഗണിക്കുന്നതിന് വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ച കാറ്റഗറി ലിസ്റ്റുകളിൽ ഉൾപ്പെടുകയും ന്യൂനപക്ഷ/കമ്മ്യൂണിറ്റി/ട്രസ്റ്റ് ക്വാട്ട സീറ്റുകളിലേക്ക് ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യുകയും വേണം.

**ഹെൽപ് ലൈൻ നമ്പർ : 0471 – 2332120, 2338487**

Signed by
Arun S Nair
Date: 05-08-2025 16:42:59
**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
05-08-2025